# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

## ഗ്രാമവികസന വകുപ്പ് നടപ്പാക്കുന്ന കേന്ദ്ര പദ്ധതികൾ

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3502

10.04.2013 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ.എ.കെ.ബാലൻ | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | ഗ്രാമവികസനവകുപ്പു വഴി സംസ്ഥാന ത്തു നടപ്പാക്കുന്ന കേന്ദ്രപദ്ധതികൾ ഏതെല്ലാമാണെന്നു വ്യക്തമാക്കുമോ; | (എ) | ഗ്രാമവികസന വകുപ്പ് വഴി സംസ്ഥാനത്ത് നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. ജില്ലാ പഞ്ചായത്തിനുള്ള ധനസഹായം.<br>2. സ്വർണ്ണജയന്തി ഗ്രാമസ്വറോസ്ഗാർയോജന<br>3. സ്വർണ്ണജയന്തി ഗ്രാമറോസ്ഗാർ യോജന (സ്പെഷ്യൽ പ്രോജക്ട്)<br>4. ഇന്ദിരആവാസ്യോജന<br>5. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി.<br>6. സമ്പൂർണ്ണ ശുചിത്വയജ്ഞം/ നിർമ്മൽ ഭാരത് അഭിയാൻ.<br>7. സംസ്ഥാന ഗ്രാമ വികസന ഇൻസ്റ്റിറ്റ്യൂട്ട്.<br>8. സംയോജിതതരിശു ഭൂമി വികസന പദ്ധതി/ ഹരിയാലി/ സംയോജിത നീർത്തട മാനേജ്മെന്റ് പരിപാടി<br>9. പിന്നോക്കമേഖലാ സഹായനിധി.<br>10. പ്രധാനമന്ത്രി ഗ്രാമീണ സഡക്ക് യോജന. |
| (ബി) | ഈ പദ്ധതികൾക്ക് 2011-12, 2012-13 വർഷങ്ങളിൽ ലഭിച്ച തുകയും ചെലവഴിച്ച തുകയും എത്രയെന്നു വ്യക്തമാക്കുമോ; | (ബി) | നീക്കിയിരുപ്പ് തുകയും, കേന്ദ്ര -സംസ്ഥാന സർക്കാരുകൾ അനുവദിച്ച തുകയും ഉൾപ്പെടെ 2011-2012 ൽ ആകെ ലഭ്യമായ 1616.48 കോടി രൂപയിൽ 1418.28 കോടി രൂപ ചെലവഴിക്കുകയുണ്ടായി. 2012-13-ൽ ആകെ ലഭ്യമായ 1899.28 കോടി രൂപയിൽ ഫെബ്രുവരി 2013 വരെ |

| | | | |
|---|---|---|---|
| | | | 1383.87 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (സി) | ഏതെങ്കിലും കേന്ദ്രപദ്ധതികൾ സംസ്ഥാനത്ത് ആരംഭിക്കാതെയുണ്ടെങ്കിൽ ആ പദ്ധതി ഏതെന്നും ആരംഭിക്കാത്തതിനുള്ള കാരണമെന്തെന്നും വിശദമാക്കുമോ: | (സി) ദ (ഡി) | ഇല്ല. |
| (ഡി) | 100% തുകയും ചെലവഴിച്ച കേന്ദ്രപദ്ധതി ഉണ്ടെങ്കിൽ അത് ഏതെന്നു വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ